പതിനാലാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 338 28/10/2019-ൽ മറുപടിയ്ക്ക്

# ശരണബാല്യം പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു<br>ശ്രീമതി യു. പ്രതിഭ<br>ശ്രീ.ജോൺ ഫെർണാണ്ടസ്<br>,, എം. മുകേഷ് : | കെ.കെ.ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത -ശിശു വികസനവും വകുപ്പ മന്ത്രി) |
| (എ) സംസ്ഥാനത്ത് കുട്ടികളെ ബാലവേലയിൽ നിന്നും ബാലഭിക്ഷാടനത്തിൽ നിന്നും മോചിപ്പിക്കുന്നതിനും മതിയായ വിദ്യാഭ്യാസം നൽകി അവരെ പുനരധിവസിപ്പിക്കുന്നതിനുമായി ആരംഭിച്ച ശരണബാല്യം പദ്ധതി നിലവിൽ ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കി വരുന്നത് ; | (എ) 14 ജില്ലകളിലും നടപ്പിലാക്കി വരുന്നു . |
| (ബി) പ്രസ്തുത പദ്ധതിയുടെ രണ്ടാംഘട്ട പ്രവർത്തനങ്ങൾക്കായി നടപ്പ സാമ്പത്തിക വർഷം കൂടുതൽ തുക അനുവദിച്ചിട്ടുണ്ടോ; | (ബി) ഉണ്ട്. 2019-20 സാമ്പത്തിക വർഷത്തിലേയ്ക്ക് 95,87,470/- രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (സി) കുട്ടികളുടെ കടത്ത് തടയുന്നതിനായി എല്ലാ ജില്ലയിലും ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് ക്ലബ്ബുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (സി) ഉണ്ട്. ശരണബാല്യം പദ്ധതിയുടെ രണ്ടാം ഘട്ടം പ്രവർത്തനങ്ങൾ സംബന്ധിച്ച് എല്ലാ ജില്ലകളിലും ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് ക്ലബ്ബുകൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു. |
| (ഡി) കുട്ടികൾക്കെതിരായ അതിക്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ അധികാരികളെ അറിയിക്കുന്നതിന് | (ഡി) ഉണ്ട്. നാഷണൽ ഇൻഫോമാറ്റിക് സെന്ററുമായി ചേർന്ന് മൊബൈൽ ആപ്ലിക്കേഷൻ രൂപകൽപ്പന |

| | |
|---|---|
| പൊതുജനങ്ങൾക്കായി മൊബൈൽ ആപ്ലിക്കേഷൻ രൂപകല്പന ചെയ്തിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ? | ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**